**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 129** **08-02-2023 - ൽ മറുപടിയ്ക്ക്**

**മൃഗരോഗ നിയന്ത്രണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സാംക്രമികവും സാംക്രമികേതരവുമായ കാലിരോഗങ്ങൾ ക്ഷീര കർഷകരെ പ്രതിസന്ധിയിലാക്കുന്നതിനാൽ മൃഗരോഗ നിയന്ത്രണ പദ്ധതി പ്രകാരം രോഗ നിയന്ത്രണത്തിനും രോഗ പ്രതിരോധത്തിനുമായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | 2004 മുതൽ സംസ്ഥാനത്ത് ജന്തുരോഗ നിയന്ത്രണ പദ്ധതി (ADCP) പ്രവർത്തിച്ചു വരുന്നു. ആറുമാസം ഇടവിട്ട് 26 റൗണ്ട് എഫ് എം ഡി ക്യാമ്പയിൻ സംസ്ഥാനത്ത് നടത്തി. 2020 മുതൽ ദേശീയ ജന്തു രോഗ നിയന്ത്രണ പദ്ധതിയുടെ (NADCP) ഭാഗമായി FMDCP ക്യാമ്പയിനുകൾ നടത്തി വരുന്നു. മൂന്നു റൗണ്ട് FMD വാക്സിനേഷൻ പൂർത്തിയാക്കി കഴിഞ്ഞു. എല്ലാവർഷവും ASCAD പദ്ധതി (Assistance to states for the control of Animal Diseases) പ്രകാരം കോഴികൾക്കും താറാവുകൾക്കും പ്രതിരോധ വാക്സിനേഷനുകൾ നടത്തുന്നു. 2023 ജനുവരി മുതൽ ചർമമുഴയുടെ (LSD) കാർപെറ്റ് വാക്സിനേഷൻ നടത്തി വരുന്നു. കൂടാതെ പാലോട് IAH & VB യിൽ നിന്നും HS, ആന്ത്രാക്സ്, BQ, PPR, ക്ലാസിക്കൽ സൈ്വൻ ഫീവർ എന്നീ രോഗങ്ങൾക്ക് എതിരെയുള്ള വാക്സിനുകൾ സംഭരിച്ച് ആവശ്യാനുസരണം സംസ്ഥാനത്തെ പക്ഷിമൃഗാദികളെ വാക്സിനേറ്റ് ചെയ്ത് ജന്തുരോഗനിയന്ത്രണ പ്രവർത്തനങ്ങൾ മുടങ്ങാതെ നടത്തിവരുന്നു. |
| (ബി) | രോഗ പ്രതിരോധ പ്രവർത്തനത്തിനായി വർഷത്തിൽ രണ്ടുതവണ വീതം വെറ്ററിനറി ഡോക്ടർമാർ ഭവന സന്ദർശനം നടത്തുന്നത് കാര്യക്ഷമമാകുന്നുണ്ടോ; | (ബി) | രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ മൃഗാശുപത്രികളിൽ നിന്നും വാക്സിനേഷൻ സ്ക്വാഡുകൾ ഭവന സന്ദർശനം നടത്തി കന്നുകാലികളിൽ പ്രതിരോധകുത്തിവയ്പ്പ് നടത്തിവരുന്നു. വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിലാണ് അതാത് പഞ്ചായത്തുകളിലെ വാക്സിനേഷൻ നടക്കുന്നത്. |
| (സി) | മൃഗരോഗ നിർണ്ണയത്തിനും ചികിത്സക്കുമായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് നാല് റീജിയണൽ ഡിസീസ് ഡയഗ്നോസ്റ്റിക് ലാബുകളും (RDDL), എല്ലാ ജില്ലകളിലുമായി ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ ഒരു |

| | | | |
|---|---|---|---|
| | | | ലാബ്, വെറ്ററിനറി പോളി ക്ലിനിക്കുകളിൽ ഓരോ ലാബും മൃഗരോഗനിർണയത്തിനായി പ്രവർത്തിച്ചുവരുന്നു. കുടപ്പനക്കുന്നിൽ ഒരു മൾട്ടി സ്പെഷ്യാലിറ്റി മൃഗാശുപത്രിയും ജില്ലാതലത്തിൽ റഫറൽ ആശുപത്രിയായി ജില്ലാ വെറ്ററിനറി കേന്ദ്രവും, എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ചികിത്സയ്ക്കായി ചുരുങ്ങിയത് ഒരു വെറ്ററിനറി ഡിസ്പെൻസറിയെങ്കിലും എന്ന രീതിയിൽ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ